(ബി-എഫ്) ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorka.gov.in -ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവർക്ക് പ്രസ്തുത ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് വിദേശത്ത് നഴ്സിംഗ് മേഖലയിലെ നിലവിലെ ഒഴിവുകളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യെമനിൽനിന്നും മടങ്ങി എത്തിയവർക്കും തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാവുന്നതാണ്.

നോർക്ക റൂട്ട്സിലെ നിയമനം

94 (4129) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക റൂട്ട്സിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) നോർക്ക റൂട്ട്സിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും ഇതിൽ സ്ഥിര ജീവനക്കാർ എത്രയെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നും എങ്കിൽ ഏത് തീയതികളിലെ കാബിനറ്റ് തീരുമാന പ്രകാരമെന്നും വ്യക്തമാക്കുമോ ;

(ഡി) ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള ഏതെങ്കിലും കാബിനറ്റ് തീരുമാനം റദ്ദു ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 21-7-2005-ൽ നോർക്ക റൂട്ട്സിന്റെ 13-ാമത് ബോർഡ് യോഗം അംഗീകരിച്ച സർവ്വീസ് റൂൾസ് പ്രകാരമാണ് നോർക്ക റൂട്ട്സിൽ നിയമനങ്ങൾ നടത്തി വരുന്നത്.

(ബി) നോർക്ക റൂട്ട്സിൽ നിലവിൽ സ്ഥിര ജീവനക്കാരായി 17 പേരും താല്ക്കാലിക ജീവനക്കാരായി 40 പേരും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരായി 5 പേരും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥിരപ്പെടുത്തിയിട്ടുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല.

(ഡി) ഉണ്ട്. 24-2-2011 തീയതിയിലെ ജി.ഒ. (എം.എസ്).01/11/നോർക്ക ഉത്തരവ് പ്രകാരം നോർക്ക റൂട്ട്സിൽ 21 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ഇതിലേക്ക് രണ്ട് വർഷത്തിൽ അധികം നോർക്ക റൂട്ട്സിൽ ജോലി പരിചയം ഉണ്ടായിരുന്ന 16 പേരെ സ്ഥിരപ്പെടുത്തുകയും പിന്നീട് 21-4-2012-ലെ ജി.ഒ.(എം.എസ്).05/2012/ നോർക്ക പ്രകാരം ഈ ഉത്തരവ് മാനദണ്ഡങ്ങൾ പാലിച്ചല്ല നിയമനം നടത്തിയത് എന്ന കാരണത്താൽ റദ്ദു ചെയ്യുകയും ചെയ്തു.

നോർക്ക - റൂട്ട്സിലെ ഓഹരി പങ്കാളിത്തം

95 (4130) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക-റൂട്ട്സ് രൂപീകരിച്ചത് എന്നാണെന്നും രൂപീകരണ സമയത്ത് സർക്കാർ വിഹിതമായി എത്ര രൂപയാണ് നൽകിയതെന്നും സ്വകാര്യ വിഹിതമായി എത്ര രൂപയാണ് കളക്ട് ചെയ്തത് എന്നും ഇത് മൊത്തം ഓഹരിയുടെ എത്ര ശതമാനം പങ്കാളിത്തം വരും എന്നും വ്യക്തമാക്കുമോ ;

(ബി) നിലവിൽ നോർക്കാറൂട്ട്സിൽ എത്ര ശതമാനം സർക്കാർ ഓഹരിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നോർക്ക റൂട്ട്സിന്റെ രൂപീകരണ സമയത്തും പിന്നീടും ഓഹരി പങ്കാളിത്തം സംബന്ധിച്ച് ഇറക്കിയ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 20-12-2002 ൽ റൂട്ട്സ് എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഇനിഷിയേറ്റീവ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിരുന്നെങ്കിലും 24-5-2005 ൽ ആണ് നോർക്ക റൂട്ട്സ് എന്ന പേരിൽ പ്രവർത്തനമാരംഭിച്ചത്. പ്രാരംഭ ഘട്ടത്തിൽ സർക്കാർ വിഹിതമായി രൂപ 10,00,300 മൂല്യമുള്ള 10003 ഓഹരികളും പ്രവാസിമലയാളികളായ സ്വകാര്യ വ്യക്തികളുടെ വിഹിതമായി രൂപ 20,00,000 മൂല്യമുള്ള 20,000 ഓഹരികളുമുണ്ടായിരുന്നു. ആയത് മൊത്തം ഓഹരികളുടെ 66.7% പ്രവാസി മലയാളികളായ സ്വകാര്യ വ്യക്തികളുടേയും 33.3% സർക്കാർ വിഹിതവും ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly